കെ.എ.പി. 5-ാം ബറ്റാലിയനിൽ നിന്നുള്ള ട്രാൻസ്ഫർ

69 (3021) ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി. 5-ാം ബറ്റാലിയനിൽ നിന്നും 197 പോലീസ് സേനാംഗങ്ങളെ 9/03 സർക്കുലർ പ്രകാരം പാലക്കാട് എ.ആർ. ക്യാമ്പിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ടോ ;

(ബി) ഈ വിധം സേനാംഗങ്ങളെ സ്ഥലം മാറ്റുമ്പോൾ അവരുടെ ആനുകൂല്യങ്ങൾ എന്തെങ്കിലും നഷ്ടപ്പെടുന്നുണ്ടോ ;

(സി) ഈ വിധം സ്ഥലം മാറ്റുന്നത് അവരുടെ സമ്മതം വാങ്ങിയിട്ടാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള നിയമപ്രകാരം ബറ്റാലിയനിൽ നിന്നും ജില്ലാ സായുധസേനയിലേയ്ക്ക് സ്ഥലം മാറ്റമായി പോകുന്ന ഹവിൽദാർ തസ്തികയിലുള്ള പോലീസുകാർക്ക് തൊട്ടുതാഴെയുള്ള തസ്തികയായ പോലീസ് കോൺസ്റ്റബിളായി റിവർഷൻ ആയിട്ടേ പോകുവാൻ നിർവാഹമുള്ളൂ. തന്മൂലം അത്തരക്കാരുടെ അടിസ്ഥാന ശമ്പളത്തിൽ കുറവ് ഉണ്ടാകും.

(സി) കെ.എ.പി. 5-ാം ബറ്റാലിയനിൽ നിന്നും കോട്ടയം, ഇടുക്കി എന്നീ ജില്ലാ സായുധസേനകളിലേയ്ക്ക് ഉള്ള സ്ഥലം മാറ്റം പോലീസുദ്യോഗസ്ഥരുടെ സമ്മതപ്രകാരമാണ് നടത്തപ്പെടുന്നത്. എന്നാൽ ചില അടിയന്തിരഘട്ടങ്ങളിൽ പി.എച്ച്.ക്യു.സർക്കുലർ നം.9/03 തീയതി 6-5-2003, ജി.ഒ.(എം.എസ്.)71/92/ ആഭ്യ. തീയതി 31-3-1992 പ്രകാരം പൊതുതാല്പര്യാർത്ഥം മറ്റു സായുധ സേനയിലേയ്ക്ക് പോലീസുകാരുടെ സമ്മതം ആവശ്യപ്പെടാതെ തന്നെ സ്ഥലം മാറ്റുവാൻ നിലവിലുള്ള നിയമം അനുവദിക്കുന്നുണ്ട്.

വിജിലൻസ് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

70 (3023) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ പോലീസിലെ മറ്റു വിഭാഗങ്ങളിലേയ്ക്ക് മാറ്റി നിയമിക്കപ്പെടുന്നതും മറ്റു വിഭാഗങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരെ വിജിലൻസിലേയ്ക്ക് മാറ്റി നിയമിക്കുന്നതുമായ നിലവിലുള്ള രീതി മാറ്റി വിജിലൻസിനെ പ്രത്യേക വിഭാഗമായി നിലനിർത്താൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly